**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 221** **07-06-2021 - ൽ മറുപടിയ്ക്ക്**

**മാവൂർ തെങ്ങിലക്കടവിൽ കാൻസർ ചികിത്സാ കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Smt Veena George<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | മാവൂർ തെങ്ങിലക്കടവിൽ കാൻസർ ചികിത്സാ കേന്ദ്രം ആരംഭിക്കുന്നതിന് 2010-ൽ സർക്കാരിലേക്ക് സൗജന്യമായി വിട്ടുകിട്ടിയ ആറര ഏക്കർ സ്ഥലവും ബഹുനില കെട്ടിടവും ഉപയോഗപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (എ) | 06.02.2021-ന് കോഴിക്കോട് ജില്ലാ കളക്ടറുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ തെങ്ങിലക്കടവ് കാൻസർ ചികിത്സാ കേന്ദ്രം ആരംഭിക്കുന്നതിന് താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു. 1. ആവശ്യമായ നിർമ്മാണ പ്രവർത്തികൾ തുടങ്ങുന്നതിനു വേണ്ടി പി.ഡബ്ല്യ.ഡി -യെ ചുമതലപ്പെടുത്തി. 2. കാൻസർ സെന്റർ പൂർണ്ണമായും കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ നിയന്ത്രണത്തിലായിരിക്കുമെന്നും ഈ പദ്ധതിയുമായി ബന്ധപ്പെട്ട വരുന്ന എല്ലാ പ്രവർത്തികളുടെയും മേൽനോട്ടം പ്രിൻസിപ്പാൾ നടത്തേണ്ടതാണെന്നും തീരുമാനിച്ചു. 3. കാൻസർ കെയർ സെന്ററിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സ്റ്റാഫിനെ നിയമിക്കാനും മറ്റ് അനുബന്ധ പദ്ധതികൾ സമർപ്പിക്കുവാനും കോഴിക്കോട് ജില്ലാ പഞ്ചായത്തിനെയും എൻ.എച്ച്.എം-നെയും ഏൽപ്പിക്കാൻ തീരുമാനിച്ചു. |

സെക്ഷൻ ഓഫീസർ